بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 07.02.2025

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## തിരുനബി ചരിത്രം: ഖൈബർ യുദ്ധം 2

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيْمِ ۝ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۝
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ اَلرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ
نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ۝ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ
عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

ഖൈബർ യുദ്ധത്തെ സംബന്ധിച്ചാണ് പറഞ്ഞു വന്നിരുന്നത്. നബി(സ) ഖൈബറിലേക്ക് പുറപ്പെടുന്നത് സംബന്ധിച്ചുള്ള വിശദീകരണം ഇപ്രകാരമാണ്, നബി(സ)ന്റെ നേതൃത്വത്തിൽ ജീവത്യാഗസന്നദ്ധരായ 1600 പേരടങ്ങുന്ന സൈന്യം മദീനയിൽനിന്ന് പുറപ്പെട്ടു. പക്ഷേ പുറപ്പെടുന്നതിനു മുമ്പ് തിരുനബി(സ) വിവരങ്ങൾ എത്തിച്ച് തരാൻ പറ്റിയ ഒരു സംഘത്തെ അയക്കുകയുണ്ടായി. അവരുടെ ഉത്തരവാദിത്വം സൈന്യത്തിന് മുമ്പേ പോയി വഴികൾ മനസ്സിലാക്കുകയും കാര്യങ്ങളെ സംബന്ധിച്ച് അറിയിപ്പ് നൽകുകയും ആയിരുന്നു. ഈ സംഘത്തിന്റെ നേതൃത്വം ഉബാദ് ബിൻ ബശർ അൻസാരിക്കായിരുന്നു. ഖൈബറിന്റെ വഴികളിൽ നിന്ന് വിവരങ്ങൾ അറിയുന്നതിന്വേണ്ടി രണ്ട് വഴികാട്ടികളെയും നിയോഗിച്ചിട്ടുണ്ടായിരുന്നു. മദീനയിൽനിന്ന് ഖൈബറിലേക്ക് പോകുമ്പോൾ വിവിധ സ്ഥലങ്ങളിൽ താവളമടിച്ചുകൊണ്ട് സ്വഹ്ബാ എന്ന സ്ഥലത്താണ് താമസിച്ചത്. ഇവിടെ നമസ്കാര സമയമായപ്പോൾ നമസ്കാരവും അനുഷ്ഠിച്ചു. ബുഖാരിയിൽ ഉള്ള നിവേദനത്തിൽ പറയുന്നു: സ്വഹ്ബയിൽ തിരുനബി(സ) അസർ നമസ്കാരമാണ് അനുഷ്ഠിച്ചത്. അതിനുശേഷം തിരുനബി(സ) ഭക്ഷണത്തിനുവേണ്ടി എന്തെങ്കിലും കൊണ്ടുവരാൻ പറഞ്ഞു. സൈന്യത്തിന്റെ പക്കൽ സത്തു (പൂരംപൊടി) മാത്രമേ ഉണ്ടായിരുന്നുള്ളൂ. നബി(സ)ഉം സ്വഹാബാക്കളും അത് ഭക്ഷിച്ചു. നിവേദകൻ പറയുന്നു: പിന്നെ മഗ്രിബ് നമസ്കാരത്തിനുവേണ്ടി തയ്യാറായി. നബി(സ) വായ കഴുകി. ഞങ്ങളും വായ കഴുകി. തുടർന്ന് തിരുനബി(സ) നമസ്കരിച്ചു. വീണ്ടും വുളു പുതുക്കുകയുണ്ടായില്ല.

യാത്രക്കിടയിൽ ചില സംഭവങ്ങളും അഭിമുഖീകരിക്കേണ്ടി വന്നിരുന്നു. ഇത്തരം യുദ്ധ സാഹചര്യങ്ങളിലും തിരുനബി(സ) സ്വഹാബാക്കളുടെ തർബിയത്തിന് എത്രമാത്രം ശ്രദ്ധാലുവായിരുന്നു എന്ന് അതിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. അച്ചടക്കം, അനുസരണം തുടങ്ങിയ ഗുണങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിലേക്ക് പ്രത്യേകമായി ശ്രദ്ധചെലുത്തിയിരുന്നു. ഒരു സംഭവം വിവരിക്കപ്പെടുന്നത്, ഒരു രാത്രി സൈന്യത്തിന്റെ മുന്നിൽ എന്തോ തിളങ്ങുന്ന സാധനം കാണപ്പെട്ടു. അന്വേഷിച്ചപ്പോൾ ഇസ്‌ലാമിക സൈന്യത്തിലെ ഒരു സൈനികൻ മുസ്‌ലിം സൈന്യത്തെ പിന്നിലാക്കി വളരെ മുന്നോട്ടു നീങ്ങുന്നതാണെന്നു മനസ്സിലായി. അദ്ദേഹത്തിന്റെ വെള്ളികൊണ്ട് ഉള്ള പടത്തൊപ്പി തിളങ്ങിയതായിരുന്നു അത്. അദ്ദേഹത്തിന്റെ പേര് അബ്സ് എന്നായിരുന്നു തിരുനബി(സ)ന്റെ അടുക്കൽ അദ്ദേഹത്തെ കൊണ്ട് വന്നപ്പോൾ തിരുനബി(സ) ഉപദേശമെന്ന നിലയിൽ പറഞ്ഞു: സൈന്യത്തിന്റെ ഒപ്പം തന്നെ നീങ്ങേണ്ടതാണ്.

തിരുനബി(സ) ബനൂഗത്ഫാനിലേക്ക് സന്ധിസന്ദേശവും അയച്ചിരുന്നു. ബനൂഗത്ഫാൻകാർ ഖൈബർകാരെ സഹായിക്കാൻ വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും ഇനിയും നാലായിരം പേരടങ്ങുന്ന സൈന്യവുമായി വരാൻ ആഗ്രഹിക്കുന്നുവെന്നും അവർ ഇസ്‌ലാമിക സൈന്യം എത്തുന്നതിനു മുമ്പേ ഖൈബറിൽ പോകുന്ന വഴിയിൽ ഇസ്‌ലാമിക സൈന്യത്തെ ആക്രമിക്കാൻ ആണ് പദ്ധതി എന്നും തിരുനബി(സ)ക്ക് അറിയിപ്പ് ലഭിച്ചിട്ടുണ്ടായിരുന്നു. തിരുനബി(സ) ബനൂഗത്ഫാനുമായി ബന്ധപ്പെടുകയും അവർക്ക് ഒരു കത്തയക്കുകയുമുണ്ടായി. ആ കത്തിൽ ഇപ്രകാരം എഴുതി, ഖൈബർകാരുമായുള്ള യുദ്ധത്തിൽ അവർ നിഷ്പക്ഷത പാലിക്കേണ്ടതാണ്. അല്ലാഹു എനിക്ക് ഖൈബറിൽ വിജയം നൽകുമെന്ന് വ്യക്തമായും എന്നോട് വാഗ്ദാനം ചെയ്തിട്ടുണ്ട്.

എന്നാൽ അവരുടെ ശിരസ്സുകളിൽ 1600 മുസ്‌ലീങ്ങൾക്കെതിരെ പതിനഞ്ചായിരം വരുന്ന യോദ്ധാക്കളുടെ സൈന്യത്തിന്റെയും ശക്തമായ കോട്ടകൾ ഉള്ളതിന്റെയും അഹങ്കാരമായിരുന്നു ഉണ്ടായിരുന്നത്. അത് കാരണം അവർ തിരുനബി(സ)യുടെ ഈ വാഗ്ദാനത്തെ സ്വീകരിക്കുന്നതിൽനിന്ന് പിന്മാറുകയാണ് ചെയ്തത്.

അപ്പോൾ തിരുനബി(സ) ഖദ്റജ് ഗോത്രത്തിന്റെ നേതാവും വരിഷ്ഠ സ്വഹാബിയുമായ ഹദ്റത്ത് സഅദ് ബിൻ ഉബാദയെ ഗത്ഫാന്റെ സൈനിക നേതാവായ ഉയയ്ന ബിൻ ഹിസ്ന്റ അടുത്തേക്ക് അയച്ചു. അങ്ങനെ ഉയയ്ന കോട്ടയുടെ പുറത്തു വച്ച് തന്നെ ഹദ്റത്ത് സഅദിനെ കണ്ടുമുട്ടി. ഹദ്റത്ത് സഅദ്, ഉയയ്നക്ക് തിരുനബി(സ)യുടെ സന്ദേശം നൽകി. അപ്പോൾ ഉയയ്ന, ഹദ്റത്ത് സഅദിനോട് പറഞ്ഞു: ഞങ്ങൾക്ക് ഒരു കാരണവശാലും ഞങ്ങളുടെ സഖ്യകക്ഷിയെ ഒഴിവാക്കാൻ സാധ്യമല്ല. നിങ്ങൾക്ക് എത്രമാത്രം ശക്തിയുണ്ടെന്നൊക്കെ ഞങ്ങൾക്കറിയാം. നിങ്ങൾ അവരെ നേരിടുകയാണെങ്കിൽ നിങ്ങളെല്ലാവരും നശിപ്പിക്കപ്പെടുന്നതാണ്. നിങ്ങൾക്ക് എളുപ്പത്തിൽ വിജയം ലഭിക്കാൻ ഇവർ ഖുറൈശികളെയും മറ്റും പോലെയുള്ള ആളുകളല്ല. അതിനോടൊപ്പം അയാൾ പറഞ്ഞു: എന്റെ ഈ സന്ദേശം മുഹമ്മദ്(സ)നും കൊടുക്കുക. അഹങ്കാരപ്രമത്തമായ ഈ മറുപടി കേട്ടപ്പോൾ ഹദ്റത്ത് സഅദ്, ഉയയ്നയോട് പറഞ്ഞു: ഞാൻ സാക്ഷ്യം വഹിക്കുന്നു; മുഹമ്മദ്(സ) തീർച്ചയായും നിന്റെ അടുക്കലൂടെ ഈ കോട്ടയിൽ വരുന്നതാണ്. ഇപ്പോൾ നിനക്ക് മുന്നിൽ വെച്ചിട്ടുള്ള ഈ വാഗ്ദാനത്തിനുവേണ്ടി ആ സമയത്ത് നീ യാചിക്കുന്നതാണ്. ആ സമയത്ത് നിനക്ക് വാളുകൊണ്ടല്ലാതെ മറുപടി നൽകപ്പെടുന്നതല്ല. അല്ലയോ ഉയയ്ന! ഞങ്ങൾ മദീനയുടെ യഹൂദികളുടെ മുറ്റത്ത് ഇറങ്ങിയതും അവർ വളരെ മോശമായ രീതിയിൽ നശിപ്പിക്കപ്പെടുന്നതും ഞാൻ കണ്ടിട്ടുണ്ട്.

ദൈവിക പ്രതാപത്തിന്റെയും ഗത്ഫാൻകാരുടെ പിന്തിരിഞ്ഞോട്ടത്തിന്റെയും വിവരണവും കാണപ്പെടുന്നുണ്ട്. നബി(സ) പറഞ്ഞു: അതായത് എനിക്ക് ആദരയുക്തമായ ഗാംഭീരത്താൽ സഹായം നൽകപ്പെട്ടിരിക്കുന്നു. ഈ സംഗതി ഇവിടെ ഒരിക്കൽകൂടി ഗത്ഫാനി സൈനികരുടെ കാര്യത്തിൽ പൂർത്തിയാവുകയാണുണ്ടായത്. 4000 വരുന്ന സൈന്യം ഇസ്‌ലാമിക സൈന്യത്തെ ആക്രമിക്കുന്നതിനുവേണ്ടി തക്കം പാർത്തിരിക്കുകയായിരുന്നു. മുസ്‌ലീങ്ങളെ ഖൈബറിലേക്ക് വരുന്നതിനു മുമ്പ് തടയുന്നതിന് വേണ്ടി കാത്തിരിക്കുകയായിരുന്നു. എന്നാൽ ദൈവിക വിധി വെളിപ്പെട്ടത് നോക്കുക. ഗത്ഫാനികളുടെ ഒരു സൈന്യം പെട്ടെന്ന് തന്നെ തിരിച്ചുപോകുകയുണ്ടായി. അവർ തങ്ങളുടെ വീടുകളിലേക്ക് തിരിച്ചു പുറപ്പെട്ടു.

തിരുനബി(സ) ഇങ്ങനെ ഒരു യുദ്ധംനീക്കം നടത്തുമെന്ന് യഹൂദികൾ പ്രതീക്ഷിച്ചതല്ല. എന്തുകൊണ്ടെന്നാൽ യഹൂദികൾ തങ്ങളുടെ കോട്ടകളിലും ആയുധകോപ്പുകളിലും ആളുകളുടെ ആധിക്യത്തിലും അഹങ്കരിക്കുകയായിരുന്നു. നബി(സ) അവരുടെ അടുത്തേക്ക് വരികയാണെന്ന് അറിഞ്ഞപ്പോൾ തന്നെ ഓരോ ദിവസവും പതിനായിരക്കണക്കിന് യോദ്ധാക്കൾ നിരനിരയായി പുറത്തേക്ക് വന്നു ഇങ്ങനെ പറഞ്ഞുകൊണ്ടിരുന്നു: മുഹമ്മദ്(സ) എങ്ങനെയാണ് സൈനികനീക്കം നടത്തുക എന്ന് നോക്കാമല്ലോ? അതൊരിക്കലും സാധ്യമല്ല!

പക്ഷേ നബി(സ) (രാത്രി) അവരുടെ അടുത്ത് എത്തുമ്പോൾ അവർക്ക് അറിയാൻപോലും കഴിഞ്ഞില്ല. അങ്ങനെ സൂര്യൻ ഉദിച്ചു. രാവിലെ യഹൂദികൾ തങ്ങളുടെ കോട്ടകളിൽനിന്ന് പുറത്തേക്ക് വരുമ്പോൾ അവരുടെ കൈകളിൽ മൺവെട്ടിയും കുട്ടകളുമാണ് ഉണ്ടായിരുന്നത്. (ജോലിക്ക് പോകുകയായിരുന്ന) അവർ തിരുനബി(സ)യെ കണ്ടപ്പോൾ ഓടി തങ്ങളുടെ കോട്ടയ്ക്കുള്ളിൽ ഒളിക്കുകയുണ്ടായി. ഹദ്റത്ത് അനസ് നിവേദനം ചെയ്യുന്നു: അവർ തിരുനബി(സ)നെ കണ്ടപ്പോൾ പറഞ്ഞു: അല്ലാഹുവാണെ, മുഹമ്മദ്(സ)ഉം സൈന്യങ്ങളും! തിരുനബി(സ) പറഞ്ഞു:

خَرِبَتْ خَيْبَرُ ! اِنَّا اِذَا نَزَلْنَا بِسَاحَةِ قَوْمٍ فَسَاءَ صَبَاحُ الْمُنْذَرِيْنَ

അതായത് ഖൈബർ നശിപ്പിക്കപ്പെട്ടിരിക്കുന്നു! നാം ഏതെങ്കിലും സമൂഹത്തിന്റെ മുറ്റത്ത് വന്നിറങ്ങുമ്പോൾ ആ സമയത്ത് താക്കീത് നൽകപ്പെടുന്നവരുടെ പ്രഭാതം വളരെ മോശമായിരിക്കും.

വ്യത്യസ്തമായിരുന്ന ഖൈബറിലെ കോട്ടകളുടെ വിശദീകരണത്തെപറ്റിയും പറയേണ്ടത് ആവശ്യമാണ്. ഖൈബറിലെ ഭൂമിശാസ്ത്രപരമായ ഘടനയെ സംബന്ധിച്ചും അതിലെ കോട്ടകളെ പറ്റിയും വിവരണമുണ്ട്. കാരണം ഈ യുദ്ധം കോട്ടകളുമായി ബന്ധപ്പെട്ടവ ആയിരുന്നു. അത് ഒന്നൊന്നായി പിടിച്ചടക്കുകയുണ്ടായി. ഈ കോട്ടകളുടെ എണ്ണത്തിൽ മാത്രമല്ല അവയുടെ പേരിന്റെ കാര്യത്തിലും അഭിപ്രായവ്യത്യാസമുണ്ട്. എല്ലാ ഗ്രന്ഥങ്ങളും നോക്കുകയാണെങ്കിൽ ഖൈബർ പ്രദേശം നത്വാ, ശിഖ്, കത്തീബിയ എന്നിങ്ങനെ മൂന്നായി വിഭജിക്കപ്പെട്ടിരിക്കുന്നു എന്നു കാണാം.

ഈ മൂന്ന് ഭാഗങ്ങളിലും 8 കോട്ടകൾ താഴെ ചേർക്കുന്ന വിഭജനമനുസരിച്ച് പറയപ്പെടുന്നു. അതായത് നത്വായിൽ 3 കോട്ടകൾ നാഈം, സഅബ്, സുബൈർ. ശിഖിൽ രണ്ട് കോട്ടകൾ ഉണ്ടായിരുന്നു. അതായത് ഉബയ്യും ബരിയും. ചിലർ ഇതിനെ നസാർ എന്നും പറഞ്ഞിട്ടുണ്ട്. കത്തീബിയിൽ 3 കോട്ടകൾ ഉണ്ടായിരുന്നു. ഖമൂസ്, വത്വീഹ്, സലാലം.

യുദ്ധം തുടങ്ങുന്നതിനുമുമ്പേ തിരുനബി(സ) സഹാബാക്കളോട് ഒരു ഹൃസ്വ പ്രഭാഷണം നടത്തി കൊണ്ട് പറഞ്ഞു: ശത്രുക്കളുമായി ഏറ്റുമുട്ടാൻ ആഗ്രഹിക്കരുത്. അല്ലാഹുവിനോട് എപ്പോഴും സൗഖ്യം തേടിക്കൊണ്ടിരിക്കുക. നിങ്ങൾ ഏത് പ്രയാസത്തിലാണ് അകപ്പെടുക എന്ന് നിങ്ങൾക്ക് അറിയില്ല. നിങ്ങൾ ശത്രുക്കളുടെ മുന്നിൽ എത്തിപ്പെടുകയാണെങ്കിൽ ഇങ്ങനെ പ്രാർത്ഥിക്കുക: അല്ലാഹുവേ നീ ഞങ്ങളുടെയും നാഥനാകുന്നു. അവരുടെയും നാഥനാകുന്നു. അവരുടെയും ഞങ്ങളുടെയും നെറ്റിത്തടങ്ങൾ നിന്റെ കൈകളിലാകുന്നു. നീ തന്നെ അവരെ വധിക്കേണമേ!

ഏറ്റവും ആദ്യം നാഈം എന്ന കോട്ടയെയാണ് ഉപരോധിച്ചത്. ഇത് അവരുടെ ഒരു ശക്തമായ കോട്ടയായിരുന്നു. തിരുനബി(സ) തുടർച്ചയായി 10 ദിവസങ്ങളോളം യുദ്ധം ചെയ്തു. കൂടെക്കൂടെ പരാജയപ്പെടുന്നതും സ്വഹാബാക്കൾക്ക് പരിക്കേൽക്കുന്നതും രണ്ട് സ്വഹാബാക്കൾ ശഹീദ് ആവുകയും ചെയ്തത് യഹൂദികളുടെ മനോധൈര്യം വർദ്ധിപ്പിക്കുകയായിരുന്നു. അവസാനം ഒരു രാത്രി നബി(സ) പറഞ്ഞു: അല്ലാഹു ആരുടെ കൈകളിലൂടെയാണോ ഇവിടെ വിജയം നൽകേണ്ടത് അദ്ദേഹത്തിന് നാളെ ഞാൻ പതാക കൈമാറുന്നതാണ്. ആ വ്യക്തി അല്ലാഹുവിനെയും അവന്റെ റസൂലിനെയും സ്നേഹിക്കുന്ന ആളായിരിക്കും.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഈ സംഭവം ഇങ്ങനെ വിവരിക്കുന്നു: ഒരു ദിവസം തിരുനബി(സ)യോട് അല്ലാഹു പറഞ്ഞു: ഈ പട്ടണത്തിന്റെ വിജയം അലിയുടെ കൈകളാൽ വിധിക്കപ്പെട്ടിരിക്കുന്നു. നബി(സ) ഹദ്റത്ത് അലിയെ വിളിച്ചു, പതാക അദ്ദേഹത്തിന് കൈമാറി. അദ്ദേഹം സ്വഹാബാക്കളുടെ സൈന്യവുമായി പോയി കോട്ടകൾക്കുമേൽ ആക്രമണം നടത്തി. യഹൂദികൾ കോട്ടയ്ക്കുള്ളിൽ ആയിരുന്നുവെങ്കിലും അല്ലാഹു ഹദ്റത്ത് അലിക്കും മറ്റ് സ്വഹാബാക്കൾക്കും ആ ദിവസം വളരെ ശക്തി നൽകുകയും വൈകുന്നേരം ആകുന്നതിനുമുമ്പേ വിജയം നൽകുകയും ചെയ്തു. യഹൂദികൾ പരാജയപ്പെടുകയും നാഈം കോട്ടയിൽ മുസ്ലീങ്ങളുടെ ആക്രമണം തടയുന്നതിൽ നിസ്സഹായവാകുകയും ചെയ്തപ്പോൾ അവർ സ്വയം എളുപ്പത്തിൽ സഅദ് ബിൻ മആദിന്റെ കോട്ടയിലേക്ക് മാറുകയുണ്ടായി. നാഈം കോട്ടയുടെ യുദ്ധത്തിൽ ഒരു യഹൂദിയും മുസ്ലിങ്ങളുടെ കൈകളാൽ ബന്ദിയാക്കപ്പെട്ടില്ല. ഇതിന്റെ കുറേകൂടി വിശദീകരണങ്ങൾ ഉണ്ട്. ഇൻശാ അല്ലാഹ് മറ്റ് കോട്ടകളെ സംബന്ധിച്ചുള്ള വിവരണങ്ങൾ പിന്നീട് വിവരിക്കുന്നതാണ്.

ഞാൻ ലോകത്തിന്റെ അവസ്ഥക്കുവേണ്ടിയും മുസ്ലിങ്ങളുടെ അവസ്ഥയെ സംബന്ധിച്ചും ദുആക്ക് പറഞ്ഞുകൊണ്ടിരിക്കുന്നു. ഫലസ്തീനികൾക്കുവേണ്ടി പ്രത്യേകമായും മുസ്ലിം ലോകത്തിനുവേണ്ടി പൊതുവായും വളരെയേറെ ദുആ ചെയ്യണം. അവരുടെ അവസ്ഥകൾ പ്രത്യക്ഷത്തിൽ സന്തോഷപ്രദമാണെന്ന് കാണുന്നു. യുദ്ധം മരവിപ്പിക്കപ്പെട്ടിരിക്കുകയാണ് എങ്കിൽ നല്ലതു തന്നെ. എന്നാൽ അവസ്ഥ വളരെ മോശമായി കൊണ്ടിരിക്കുന്നു. പുതിയ അമേരിക്കൻ പ്രസിഡന്റിന്റെ പോളിസിയും പദ്ധതികളും അക്രമത്തിന്റെ മറ്റൊരു പരിധിവരെ എത്തികഴിഞ്ഞിരിക്കുന്നു. നേരത്തെ അമേരിക്കക്കാർ ഞങ്ങളുടെ രാജ്യത്തിന് ഒരു പ്രയാസവും ഇല്ല എന്നും മറ്റ് പുറംലോകത്ത് ഞങ്ങൾ കൈകടത്തുന്നില്ല എന്നും പറഞ്ഞിരുന്നു. പക്ഷേ ഇപ്പോൾ ഇവർ ലോകത്തിനു മുഴുവനും ഭയാനകമായി കൊണ്ടിരിക്കുകയാണ്. അല്ലാഹു ഫലസ്തീനികൾക്ക്മേൽ കരുണ ചൊരിയുമാറാകട്ടെ. ലോകത്തിനുമേൽ കരുണ ചൊരിയുമാറാകട്ടെ. ഇവർക്ക് ഇതിൽനിന്ന് രക്ഷപ്പെടാൻ കഴിയുമാറാകട്ടെ. അറബ് രാജ്യങ്ങൾ ഇനിയും കണ്ണു തുറക്കുകയും ഐക്യത്തിനുവേണ്ടി ശ്രമിക്കുകയും ചെയ്യേണ്ടതാണ്. ഇതല്ലാതെ മറ്റു മാർഗ്ഗങ്ങൾ ഒന്നുമില്ല. അല്ലെങ്കിൽ ഫലസ്തീൻ മാത്രമല്ല മറ്റു അറേബ്യൻ രാജ്യങ്ങളും വളരെയധികം പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടതായി വരും. ഇപ്പോൾ ചില അമുസ്ലീങ്ങളുടെ ഭാഗത്തുനിന്നും ഫലസ്തീനികൾക്കുമേൽ ഉണ്ടാകുന്ന ദ്രോഹങ്ങൾക്കെതിരെ ശബ്ദമുയർന്നുകൊണ്ടിരിക്കുന്നു. പക്ഷേ ഈ ശാക്തികരാഷ്ട്രങ്ങൾ തങ്ങളുടെ ശക്തിയുടെ ലഹരിയിൽ ഉന്മാദരാണ്. അവർ ആരു പറയുന്നതും കേൾക്കാൻ തയ്യാറല്ല. അതുകൊണ്ട് മുസ്ലിങ്ങൾ കൂടുതലായി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. നമ്മൾ അവർക്ക്വേണ്ടി ദുആ ചെയ്യേണ്ടതും അനിവാര്യമാണ്. നമ്മുടെ കയ്യിൽ മറ്റു എന്ത് ആയുധമാണുള്ളത്.

അതുപോലെ പാക്കിസ്ഥാനിലെ അഹ്മദികൾക്ക്‌വേണ്ടിയും ദുആ ചെയ്യുക. അവരുടെ അവസ്ഥകളും ശത്രുതയിൽ ചില ദിവസങ്ങളിൽ കഠിനമായി കൊണ്ടിരിക്കുന്നു. ബംഗ്ലാദേശിലെ അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യുക. അവിടെയും അല്ലാഹു അവരെ എല്ലാ ശത്രുതയിൽനിന്നും ആക്രമണങ്ങളിൽനിന്നും രക്ഷിക്കുമാറാകട്ടെ. മറ്റ് സ്ഥലങ്ങളിലെ മർദിതരായ ആളുകൾക്ക്‌വേണ്ടിയും മർദിതരായ അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു എല്ലാവരെയും തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. സമാധാനമുണ്ടാക്കാൻ അല്ലാഹു ലോകത്തിനു വിവേകം നൽകുകയും നമുക്ക് ദുആ ചെയ്യാൻ തൗഫീഖ് നൽകുകയും ചെയ്യുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُوْمِنُ بِهِ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهُ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ- عِبَادَاللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

* * * * * * *

* * *

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Masjid Mubarak, Islamabad, Tilford, UK – on 07.02.2025

Malayalam Translation: **Moulavi H. Shamsuddin Kavassery**

Typing & Layout: **Moulavi T. Jamshad Mukkam,** For Malayalam Desk, Qadian.

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516